ലേഖനം

സി.ടി അബ്ദുദർറ്

# പെരുകുന്ന പന്നിജന്യ രോഗങ്ങൾ

**യുദ്ധസമാനമായ** അന്തരീക്ഷം സൃഷ്ടിച്ച് ലോകരെ ഭീതിയിലാഴ്ത്തിയ പന്നിപ്പനിയെക്കുറിച്ച് മർമപ്രധാനമായ ചർച്ച ഇനിയും ഉണ്ടായിട്ടില്ല. പ്രതിരോധമാർഗങ്ങളെ പറ്റി വാചാലരാവുന്നവർ സൗകര്യപൂർവം ഇക്കാര്യം തമസ്കരിക്കുകയാണ്. തന്റെ മുന്നിലെത്തിയ രോഗത്തെ നിർണയിക്കാനാവാതെ വന്നപ്പോൾ ദേഷ്യംപിടിച്ച ഏതോ ഒരു ഡോക്ടറുടെ വായിൽ നിന്ന് പുറത്തുവന്ന അസഭ്യവാക്കാണ് 'പന്നി'പ്പനി, അല്ലാതെ പന്നിയുമായി അതിന് പ്രത്യേക ബന്ധമൊന്നുമില്ല എന്ന നിലക്കാണ് ചർച്ചകൾ കൊഴുക്കുന്നത്.

പരിശുദ്ധവും ഉത്തമവും പോഷകസമൃദ്ധവുമായ ആഹാരം കഴിക്കുവിൻ എന്ന് ആഹ്വാനം ചെയ്ത ദൈവം പന്നിമാംസം തിന്നുന്നത് വിലക്കിയതിനെ കുറിച്ച് (*അൽമാഇദ* 3, *അൽബഖറ* 173, *അൽഅൻആം* 145, *അന്നഹ്ൽ* 115) ഉറക്കെ ചിന്തിക്കേണ്ട അവസരമാണിത്; പന്നിമാംസഭോജികളുടെ ഇടയിൽനിന്നാണ് ഈ പനി ഉരുവം കൊണ്ടിട്ടുള്ളതെന്ന് വരുമ്പോൾ വിശേഷിച്ചും. 2009 മാർച്ച് 20-ന് എഡ്ഗാർ ഫെർണാണ്ടസ് എന്ന മെക്സിക്കൻ കുട്ടിയിൽ ആണ് പന്നിപ്പനി ആദ്യമായി സ്ഥിരീകരിച്ചത്. പിന്നെ വളരെ വേഗം അത് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് പടരുകയുണ്ടായി. ഇപ്പോൾ 168 രാജ്യങ്ങളിലായി ഏകദേശം രണ്ട് ലക്ഷത്തോളം പേർക്ക് രോഗമുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. അനൗദ്യോഗിക കണക്കുകൾ പ്രകാരം അമേരിക്കൻ ഐക്യനാടുകളിൽ ഇപ്പോൾ തന്നെ ഫ്ളൂ ബാധിച്ചവർ 10 ലക്ഷം കവിഞ്ഞിരിക്കുന്നു.

ആരോഗ്യപ്രശ്നങ്ങളോടൊപ്പം പന്നിപ്പനി സൃഷ്ടിച്ചേക്കാവുന്ന മറ്റു പ്രതിസന്ധികളെ കുറിച്ചും ലോകം ചർച്ച ചെയ്യുന്നുണ്ട്. അണ്ണാമലൈ യൂനിവേഴ്സിറ്റിയിലെ ഡോ. യു. നന്ദകുമാർ നായർ പറയുന്നു: "പന്നിപ്പനി സമ്പദ്ഘടനയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നുള്ള പഠനങ്ങൾ ഇതിനകം തന്നെ വന്നുകഴിഞ്ഞു. പകർച്ചവ്യാധി സമ്പദ്ഘടന (Pandemic Economics) എന്ന ലേഖനത്തിൽ തോമസ് ഗാരറ്റും ഫ്ളൂ ഇകണോമിക്സ് പഠനത്തിൽ മാറി ഡറോണും ലോക സാമ്പത്തിക മാന്ദ്യത്തിൽ ഫ്ളൂ എന്ത് ചെയ്യും എന്ന് കണ്ടെത്താൻ ശ്രമിക്കുന്നു. പണച്ചുരുക്കം കൂടുതൽ ശക്തമാവുകയും ഹജ്ജ്പോലുള്ള തീർഥാടനങ്ങളിൽ 25 ശതമാനം കുറവുണ്ടാവുകയും യാത്ര, ടൂറിസം, വാണിജ്യം എന്നിവയിൽ ബിസിനസ് സങ്കോചിക്കുകയും ചെയ്യാൻ സാധ്യതയുണ്ടെന്ന് അവർ സംശയിക്കുന്നു. അങ്ങനെ എച്ച്1 എൻ1 ഒരു ആരോഗ്യപ്രശ്നമെന്നതിനപ്പുറം സാമൂഹിക, സാമ്പത്തിക മേഖലകളിൽ സമ്മർദങ്ങളും പിരിമുറുക്കങ്ങളും സൃഷ്ടിക്കാനുള്ള സാധ്യത നാം മുന്നിൽ കാണണം" (*മാധ്യമം*, ആഗസ്റ്റ് 14).

ഒരേസമയം സസ്യഭുക്കും മാംസഭുക്കുമായ പന്നി ശവങ്ങളും മാലിന്യങ്ങളും വിസർജ്യങ്ങളും വരെ ഭക്ഷണമാക്കുന്നു. മനുഷ്യർക്ക് അപായകരമായ ഒട്ടേറെ രോഗങ്ങളുടെ സംക്രമണത്തിൽ പന്നി വലിയ പങ്ക് വഹിക്കുന്നതിനുള്ള കാരണവും അതു തന്നെ. പന്നി ഒരു സസ്തനി(Placental Mammal)യാണ്. ഒരു ജോഡി വിരലുകളോടുകൂടിയ പിളർന്ന കുളമ്പുള്ള മൃഗമായതിനാൽ Artiodactyla എന്ന് അറിയപ്പെടുന്നു. Boar (ആൺപന്നി), Sow(പെൺപന്നി), Hog എന്നിങ്ങനെ വിവിധതരം പന്നികൾ ഉൾപ്പെടുന്ന

> പന്നിമാംസം വേഗം ദഹിക്കുകയില്ല. മറ്റു ജീവികളിലുള്ളതിനേക്കാൾ ഉയർന്നതോതിൽ കൊഴുപ്പ് അടങ്ങിയതുകൊണ്ടാണത്. ഹൃദയത്തിനും രക്തചംക്രമണത്തിനുമെല്ലാം അത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. പന്നിയുടെ കൊഴുപ്പ് അതേപടി മനുഷ്യശരീരത്തിൽ അവശേഷിക്കുകയും അത് പലവിധ വിപത്തുകൾക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്.

കുടുംബത്തെ family suidae എന്നാണ് വിളിക്കുന്നത്. പൊതുവായി swine എന്ന പദമാണ് പന്നികളെ കുറിക്കാൻ ഉപയോഗിക്കുന്നത്.

മാംസളവും തടിച്ചതുമായ ശരീര പ്രകൃതിയുള്ള, കാണാൻ അറപ്പുളവാക്കുന്ന, നീളം കുറഞ്ഞ കാലുകളുള്ള, കട്ടിയുള്ള തൊലിയും അതിൽ പരുക്കൻ രോമവും നിറഞ്ഞ, നീണ്ട മോന്തയും തേറ്റയുമുള്ള ജീവിയാണ് പന്നി.

ശവങ്ങളും വിസർജ്യങ്ങളും തിന്ന് വീർത്ത, ദുർഗന്ധം വമിക്കുന്ന ഈ ജീവിക്ക് പലതരം രോഗങ്ങൾ വരാറുണ്ട്. അതിലൊന്നാണ് പന്നിച്ചുവപ്പ്(swine erysipeles). പ്രത്യേകതരം ബാക്ടീരിയകൾ കാരണമായുണ്ടാകുന്ന ഈ രോഗം മനുഷ്യനിലേക്ക് സംക്രമിക്കും. പന്നിപ്പനി(swine fever /Hog cholera )യാണ് മറ്റൊന്ന്. ശവങ്ങളിൽ കാണപ്പെടുന്ന പ്രത്യേക വൈറസാണ് ഇതിന് കാരണം. മറ്റൊരു രോഗമാണ് swine vericular disease. പന്നിമാംസം, കൊഴുപ്പ് തുടങ്ങിയവ ഭക്ഷിക്കുന്നതിലൂടെ അത് മനുഷ്യരിലേക്ക് പടരാം. ചവറ്റുകൂനയിലും ശവങ്ങളിലും ഉണ്ടാവുന്ന വൈറസുകളും കീടാണുക്കളും അതിന് നിമിത്തമാകുന്നു. പന്നികളിലെ അത്യധികം അപകടകാരികളായ ചില രോഗാണുക്കളാണ് Trichina worms, Pork tape worm/ Taenia solium, Balantidium coli, Hook worms, Schistosoma japonicum തുടങ്ങിയവ.

Trichina worms ഒരു പരാന്നഭോജി(Parasite)യാണ്. മനുഷ്യശരീരത്തിൽ അതിഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഈ രോഗാണു പേശികൾ വീങ്ങി വേദനിക്കാനും Trichinellosis എന്നറിയപ്പെടുന്ന രോഗത്തിനും നിമിത്തമാകുന്നു. ഈ രോഗാണുവിന്റെ ലാർവകൾ ശരീരത്തിലെ മാംസപേശികളിൽ വ്യാപിക്കുന്നതിന്റെ ഫലമായുണ്ടാവുന്ന രോഗമാണ് Trichinellosis. അത് കടുത്ത വേദനയിലേക്കും അനങ്ങാൻ പോലും കഴിയാത്ത അവസ്ഥയിലേക്കും കൊണ്ടെത്തിക്കും. മസ്തിഷ്കവീക്കം (Encephalitis) തുടങ്ങിയ നിരവധി രോഗങ്ങൾക്ക് അത് കാരണമാകുന്നു. അമേരിക്കൻ ഐക്യനാടുകളിലെ 47 മില്യൺ ആളുകൾക്ക് ഈ രോഗം പിടിപെട്ടിട്ടുണ്ട്. ഇത് ബാധിച്ച് മരിക്കുന്നവരുടെ എണ്ണം 30 ശതമാനമാണ്. ഈ മാരക രോഗം ബാധിക്കാനുള്ള ഏകകാരണം പന്നിയാണ്.

Pork tape worm രക്തക്കുറവ്, ദഹനേന്ദ്രിയം താറുമാറാവൽ, വയറുവേദന, അതിസാരം, ഛർദി, വിഷാദരോഗം, അപസ്മാരം, ഞരമ്പുവലി തുടങ്ങിയ നിരവധി രോഗങ്ങൾക്ക് കാരണമാകുന്നു. അതിന്റെ ലാർവകൾ രക്തക്കുഴലിൽ പ്രവേശിക്കുകയും മജ്ജ, ഹൃദയം, കരൾ, വൃക്കകൾ എന്നീ പ്രധാന അവയവങ്ങളിലോ കേന്ദ്രനാഡീവ്യൂഹത്തിലോ പ്രവേശിച്ച് വളരുകയും അപകടകരമായ രോഗങ്ങൾക്ക് ഹേതുവാകുകയും ചെയ്യുന്നു. Hook worms, Schistosoma japonicum തുടങ്ങിയവ ശക്തമായ രക്തസ്രാവത്തിനും തുടർന്ന് രക്തക്കുറവിനും കാരണമായിത്തീരുന്നു. അവയുടെ മുട്ടകൾ മജ്ജയിലോ നട്ടെല്ലിലോ കടന്നുകൂടിയാൽ അത് തളർവാതത്തിനും തുടർന്ന് മരണത്തിനും ഇടയാക്കും.

മനുഷ്യശരീരത്തെ തകർത്തുതരിപ്പണമാക്കുന്ന ഒട്ടനവധി രോഗാണുക്കളും ബാക്ടീരിയകളും വേറെയുമുണ്ട്. ശ്വാസനാളവീക്കം, ക്ഷയം, കോളറ, ടൈഫോയിഡ്, കരൾവീക്കം, കാലുചീയൽ തുടങ്ങി നിരവധി രോഗങ്ങൾ അവ ഉണ്ടാക്കുന്നു. അവസാനം പറഞ്ഞ മൂന്നെണ്ണം ശവത്തിലും മാലിന്യങ്ങളിലുമുണ്ടാവുന്ന ബാക്ടീരിയകൾ വഴിയാണുണ്ടാവുന്നത്. പന്നിയുടെ പ്രധാന ഭക്ഷണവും അതാണല്ലോ. Balantidium coli ശക്തമായ അതിസാരത്തിനും ഹൃദയപേശികൾക്കുണ്ടാവുന്ന ചില രോഗങ്ങൾക്കും കാരണമാകുന്നു. മനുഷ്യരിലേക്ക് അത് എത്തുന്ന ഏക ഉറവിടം പന്നിയാണ്. പന്നിയെ പരിപാലിക്കുക, അറുക്കുക, തൊലിയുരിക്കുക പോലുള്ളവ ചെയ്താൽ പകരുന്ന ഒന്നാണിത്.

വേവിക്കുന്നതോടെ നശിച്ചുപോകുന്നതല്ല ഈ രോഗാണുക്കളൊന്നും. പന്നിമാംസം വേഗം ദഹിക്കുകയില്ല. മറ്റു ജീവികളിലുള്ളതിനേക്കാൾ ഉയർന്നതോതിൽ കൊഴുപ്പ് അടങ്ങിയതുകൊണ്ടാണത്. ഹൃദയത്തിനും രക്തചംക്രമണത്തിനുമെല്ലാം അത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. പന്നിയുടെ കൊഴുപ്പ് അതേപടി മനുഷ്യശരീരത്തിൽ അവശേഷിക്കുകയും അത് പലവിധ വിപത്തുകൾക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്. വൃത്തിഹീനവും രോഗവാഹിനിയുമായ പന്നിമാംസം മാത്രമല്ല അതിന്റെ രക്തവും കൊഴുപ്പും വരെ മനുഷ്യൻ ഭക്ഷണമാക്കുന്നു. Black sausages എന്നാണ് അവ അറിയപ്പെടുന്നത്.

Enderlein, nieper തുടങ്ങി കാൻസറിന് കാരണമാകുന്ന നിരവധി പദാർഥങ്ങൾ പന്നിമാംസത്തിലുണ്ടെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. പന്നിമാംസം സൂക്ഷിക്കാനും അതിന് നിറവും പ്രത്യേക മണവും നൽകാനും ഉപയോഗിക്കുന്ന നൈട്രജൻ സംയുക്തങ്ങൾ, ബെൻസോൾ തുടങ്ങിയ വസ്തുക്കൾ കാൻസറിന് ഹേതുവാകുന്ന സങ്കീർണമായ ചില സംയുക്തങ്ങളായി രൂപാന്തരപ്പെടുന്നു.

ഈ കാരണങ്ങളാലൊക്കെയാവാം അല്ലാഹു പന്നിമാംസം ഭക്ഷിക്കരുതെന്ന് ആഹ്വാനം ചെയ്തത്. അല്ലെങ്കിൽ മാലിന്യങ്ങൾ ഭക്ഷിക്കുന്നതും ഏറ്റവും മലീമസമായ ചുറ്റുപാട് ഇഷ്ടപ്പെടുന്നതുമായ മൃഗമായതിനാൽ, അതിന്റെ മാംസം ഭക്ഷിക്കുന്നത് ആ സ്വഭാവങ്ങൾ മനുഷ്യരെയും സ്വാധീനിക്കാൻ കാരണമാകുമെന്നതുകൊണ്ടുമാവാം അത് നിരോധിച്ചത്. അതുമല്ലെങ്കിൽ അതിനേക്കാൾ പ്രസക്തവും നമുക്ക് ഗ്രഹിക്കാൻ സാധിച്ചിട്ടില്ലാത്തതുമായ മറ്റെന്തെങ്കിലും കാരണം കൊണ്ടാവാം. എന്തുതന്നെയായാലും ദൈവശാസനകൾ ധിക്കരിക്കുന്നവർ അതിന്റെ ദുഷ്പരിണതിയാണ് അനുഭവിക്കുന്നത്.

“നിങ്ങളിൽ കുറ്റം ചെയ്തവരെ മാത്രമായിട്ടല്ലാതെ സമൂഹത്തെ മുഴുവൻ ബാധിക്കുന്ന ആപത്തുളവാക്കുന്ന അധർമങ്ങളെ ഭയപ്പെടുവിൻ. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് അറിഞ്ഞിരിക്കുവിൻ” (*അൽഅൻഫാൽ* 25).

സയ്യിദ് ഖുത്വ്ബ് പറയുന്നു: “പന്നി എന്ന സാധനം വൃത്തിയും വിശുദ്ധിയുമുള്ള പ്രകൃതിയെ വെറുപ്പിക്കുന്ന ഒന്നാണ്. വളരെപ്പണ്ടുതന്നെ അല്ലാഹു അതിനെ മനുഷ്യർക്ക് നിഷിദ്ധമാക്കിയിട്ടുണ്ട്. എന്നാൽ ശാസ്ത്രമാകട്ടെ, അതിന്റെ മാംസത്തിലും ചോരയിലും കുടലുകളിലുമെല്ലാം അപകടകാരിയായ ഒരു വിര (Tape worm) അതിന്റെ അണ്ഡങ്ങളിൽ വളരുന്നതായി അടുത്തകാലത്ത് കണ്ടെത്തിയിരിക്കുന്നു. ആധുനിക പാചകോപാധികളെല്ലാം വളരെ പുരോഗമിച്ചിരിക്കുന്നു. അവ പ്രദാനം ചെയ്യുന്ന അത്യൂഷ്മാവിൽ ഈ വിരകളും അണ്ഡങ്ങളും ഒരപകടവും ഉണ്ടാക്കാതെ ചത്തൊടുങ്ങിക്കൊള്ളുമെന്നെല്ലാം ഒരു കൂട്ടർ വാദിക്കുന്നുണ്ട്. പക്ഷേ, വരാനിരിക്കുന്ന ഒരാപ

ത്തു കണ്ടെത്താൻ ശാസ്ത്രത്തിനു നൂറ്റാണ്ടുകൾ തന്നെ വേണ്ടതുണ്ടെന്ന സത്യം അവർ സൗകര്യപൂർവം വിസ്മരിക്കുകയാണ്. പന്നിമാംസത്തിൽ ഇനിയും കണ്ടെത്തിയിട്ടില്ലാത്തതും ഭാവിയിൽ കണ്ടെത്താവുന്നതുമായ എന്തെങ്കിലും വിപത്ത് ഒളിച്ചിരിപ്പില്ലെന്ന് ഖണ്ഡിതമായി പറയാൻ ആർക്കു കഴിയും? അനവധി നൂറ്റാണ്ടുകൾക്കപ്പുറം തന്നെ ഈ അറിവ് മുൻകൂട്ടി നൽകിയ ഇസ്‌ലാമിക ശരീഅത്തിനെയല്ലേ നാം വിശ്വസിക്കേണ്ടത്. അവസാനവാക്ക് പറയാനുള്ള അവകാശം അതിനല്ലേ വകവെച്ചുകൊടുക്കേണ്ടത്. അതനുവദിച്ചതു മാത്രമല്ലേ സ്വീകരിക്കേണ്ടത്. അതു നിഷിദ്ധമാക്കിയവയല്ലേ നാം വർജിക്കേണ്ടത്. സൂക്ഷ്മജ്ഞനും യുക്തിജ്ഞനുമായ അല്ലാഹുവിൽ നിന്നാണല്ലോ അത്."

പ്രതിരോധമരുന്നുകൾക്കായി നെട്ടോട്ടമോടുമ്പോൾ നാം ഒരു നിമിഷം ആലോചിക്കുക! ദൈവധിക്കാരികളെ പന്നികളാക്കിയ ചരിത്രം നമ്മുടെ മുന്നിലുണ്ട്.

"ചോദിക്കുക, നിങ്ങൾ ഇത്തരം കുറ്റങ്ങൾ ചുമത്തുന്നവരേക്കാൾ അല്ലാഹുവിങ്കൽ ദുഷിച്ചകർമത്തിനിരയാകുന്നവരാരെന്ന് ഞാൻ പറഞ്ഞുതരട്ടെയോ? ആരെ അല്ലാഹു ശപിച്ചുവോ, ആരുടെ നേരെ അല്ലാഹു കോപിച്ചുവോ, ആരിൽപെട്ടവരെ അല്ലാഹു മർക്കടൻമാരും പന്നികളുമാക്കിയോ, ആര് ത്വാഗൂത്തിന് അടിമപ്പെട്ടുവോ അവരാകുന്നു സ്ഥാനത്താൽ ഏറെ ദുഷിച്ചവർ. നേർവഴിയിൽ നിന്ന് ഏറ്റം വ്യതിചലിച്ചവരും അവർ തന്നെ" (*അൽമാഇദ* 60). ■

(അവലംബം: *അൽഹയവാൻ ഫിൽ ഖുർആൻ* / ഡോ. സഗ്‌ലൂൽ നജ്ജാർ)